avitis INSTITUTE OF MEDICAL SCIENCES
noel
Ponkathir
Legacy Partners
VARMA HOMES
OXEL

ഈയൊരു ഉപാധിയുടെ അടിസ്ഥാനത്തിൽ, പിഇ കരാർ അനുസരിച്ച് പത്താം വർഷത്തിൽ പിഇ സ്ഥാപനം അവരുടെ 800 കോടി രൂപയുടെ സിസിഡി 40 ശതമാനം ഓഹരിയാക്കി മാറ്റി. ഇതിനർത്ഥം, പി ഇ സ്ഥാപനത്തിന് ആയിരം കോടി രൂപയ്ക്ക് കമ്പനിയുടെ 50 ശതമാനം ഓഹരി കൈവശപ്പെടുത്താൻ കഴിഞ്ഞു. അതായത് കമ്പനിയുടെ മൂല്യം 2000 കോടി രൂപ.

അതോടെ കമ്പനി ഐപിഒ പ്രഖ്യാപിച്ചു. എന്നാൽ വിപണിയിലെ സാഹചര്യങ്ങൾ ആ സമയത്ത് മോശമായതിനാൽ ഐപിഒ പരാജയപ്പെട്ടു. ഒരുപാട് കടം എടുത്തിട്ടുള്ളതിനാലും വിപണി വളരെ മോശമായതിനാലും കമ്പനി നെഗറ്റീവ് കാഷ് ഫ്ളോയിലേക്ക് നീങ്ങി. പിഇ കരാർ അനുസരിച്ച് ഐപിഒ പരാജയപ്പെടുകയാണെങ്കിൽ കമ്പനിയുടെ പ്രൊമോട്ടർ, കൂടിയ വിലയ്ക്ക് പിഇ സ്ഥാപനത്തിൽ നിന്ന് ഓഹരികൾ തിരികെ വാങ്ങണം. ഐപിഒ പരാജയപ്പെട്ടതിനാൽ കരാറിലെ ഉപാധിയിന്മേൽ, 50 ശതമാനം ഓഹരി 9000 കോടി രൂപയ്ക്ക് തിരികെ വാങ്ങാൻ പ്രൊമോട്ടറോട് ആവശ്യപ്പെട്ടു.

ആവശ്യത്തിന് പണം കണ്ടെത്താനാവാത്തതിനാൽ പ്രൊമോട്ടർക്ക് പിഇ സ്ഥാപനത്തിൽ നിന്ന് ഓഹരികൾ തിരികെ വാങ്ങാനായില്ല.

> പിഇ ഇടപാടിൽ
> നേട്ടങ്ങൾക്കു പകരം
> പ്രൊമോട്ടർക്ക് കൈ
> വശമുണ്ടായിരുന്ന
> തെല്ലാം നഷ്ടപ്പെടുന്ന
> സാഹചര്യം ഒഴിവാ
> ക്കാൻ ആദ്യഘട്ടത്തിൽ
> തന്നെ 'വിഷമയ'മായ
> പിഇ ഫണ്ടിംഗ്
> ഒഴിവാക്കണം

പിഇ സ്ഥാപനം ആവശ്യപ്പെട്ട തുകയിൽ പല തവണ കുറവു വരുത്തിയെങ്കിലും കുറഞ്ഞ തുക പോലും നൽകാനുള്ള സാഹചര്യത്തിലായിരുന്നില്ല പ്രൊമോട്ടർ. പിഇ കരാറിലെ വ്യവസ്ഥയനുസരിച്ച് പിഇ സ്ഥാപനത്തിന്റെ കൈവശമുള്ള ഓഹരികൾ പ്രൊമോട്ടർക്ക് വാങ്ങാൻ കഴിയുന്നില്ലെങ്കിൽ മറ്റാരാൾക്ക് അത് വിൽക്കാൻ കഴിയും. ഈയൊരു ഉപാധിയുടെ അടിസ്ഥാനത്തിൽ പിഇ സ്ഥാപനം അവരുടെ കൈവശമുള്ള കമ്പനിയുടെ 50 ശതമാനം ഓഹരി മറ്റൊരാൾക്ക് വിൽക്കാൻ ശ്രമം തുടങ്ങി. കമ്പനിയുടെ ഏറ്റവും വലിയ എതിരാളി തന്നെ കമ്പനിയെ ഏറ്റെടുക്കാൻ താൽപ്പര്യം പ്രകടിപ്പിക്കുകയും പിഇ സ്ഥാപനവുമായി കൂടിയാലോചന തുടങ്ങുകയും ചെയ്തു.

സൂക്ഷിച്ച് തെരഞ്ഞെടുക്കുക

പിഇ സ്ഥാപനത്തിന്റെ കൈവശമുള്ള 50 ശതമാനം ഓഹരി മാത്രമല്ല, കമ്പനിയുടെ പൂർണ്ണ ഉടമസ്ഥാവകാശം തന്നെ ലഭിക്കണമെന്നതായിരുന്നു പുതുതായി വാങ്ങാനെത്തിയവർ മുന്നോട്ട് വെച്ച ആവശ്യം.

പിഇ കരാറിലെ വ്യവസ്ഥയനുസരിച്ച്, പി ഇ സ്ഥാപനത്തിന്റെ കൈവശമുള്ള ഓഹരികൾ വാങ്ങുന്നവർക്ക് പ്രമോട്ടറുടെ കൈയിലുള്ള ഓഹരികളും വിൽക്കണമെന്ന് ആവശ്യമെങ്കിൽ നിർബന്ധം പിടിക്കാം.

അതനുസരിച്ച്, ആയിരം കോടി രൂപയ്ക്ക് കമ്പനിയുടെ മുഴുവൻ ഓഹരികളും വാങ്ങുന്നതു സംബന്ധിച്ച് വാങ്ങാനെത്തിയ കമ്പനി ഒരു പ്രാഥമിക കരാറിലെത്തി. ഇതനുസരിച്ച് പിഇ സ്ഥാപനത്തിനും പ്രൊമോട്ടർക്കും അവരുടെ 50 ശതമാനം ഓഹരിക്ക് 500 കോടി രൂപ വീതം ലഭിക്കും.

ദൗർഭാഗ്യവശാൽ വിപണി സാഹചര്യം കൂടുതൽ മോശമായി തുടരുകയും ഇടപാട് പൂർത്തിയാകുന്നതിനു മുമ്പു തന്നെ കമ്പനി തകരുകയും ചെയ്തു.

കമ്പനി തകർന്നതിനെ തുടർന്ന്, ബാങ്കുകളിൽ ഈടായി നൽകിയിരുന്ന എല്ലാ ആസ്തികളും പ്രൊമോട്ടർക്ക് നഷ്ടമാകുകയും ചെയ്തു.

പിഇ ഇടപാടിൽ നിന്ന് നേട്ടങ്ങൾ ഉണ്ടാവേണ്ടതിനു പകരം പ്രൊമോട്ടർക്ക് കൈവശമുണ്ടായിരുന്നതെല്ലാം നഷ്ടപ്പെടുകയാണ് ചെയ്തത്.

മുകളിലെ അനുഭവപാഠത്തിൽ നിന്ന് പഠിക്കാൻ സംരംഭകർക്ക് കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. ഇനി, പിഇ ഫണ്ടിംഗിനായി തയാറെടുക്കുമ്പോൾ ഇത്തരത്തിലുള്ള വിഷമയമായ പി ഇ ഫണ്ടിംഗിനെ ഒഴിവാക്കാൻ കഴിയുമെന്ന് ഉറപ്പു വരുത്തണം. ■

ഇന്ത്യയിലും ജി.സി.സി രാജ്യങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ.

1992ൽ IIM (L) നിന്ന് PGDM എടുത്തതിനു ശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. website: www.we-deliver-results.com, email: tinyphilip@gmail.com


THOMSUN MUSIC HOUSE
One stop solution for all music instruments
Offering Musical Instruments including guitars, amps, drums, keyboards Pro audio, Grand pianos, and wide range of accessories
Yamaha piano
The World's first choice
THOMSUN MUSIC HOUSE
YAMAHA

Thomsun Music House
Ground Floor, Ellikkal complex, Near KINDER Hospital, (Opp Museum of Kerala History) Pathadippalam,
Edappally, Cochin-682024. Ph :+91 484-4254300,301,302 | Mob:9746888529, 9946058234

No.3274 A, 11th Main Road, Hal 2nd Stage, Indiranagar, Bangalore - 560038, Next to Esi Hospital (Map)
Off: 080 4254 3000 / 9620822263

www.thomsun.co.in, www.thomsunmusiconline.com, www.thomsunmusicschool.com